പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3723.

20.7.2015-ൽ
മറുപടിയ്ക്ക്

ലക്ചറർ ഡോ.പി.വി.ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ്

ചോദ്യം

ശ്രീ.വി.പി.സജീന്ദ്രൻ

മറുപടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | മാർ ഇവാനിയോസ് കോളേജിൽ നിന്നും വിരമിച്ച സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ.പി.വി.ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 34180/സി/ 2012/ ഹയർ എഡ്യൂക്കേഷൻ എന്ന ഫയൽ ധനകാര്യ വകുപ്പ് പരിശോധന കഴിഞ്ഞ് ഉന്നത വിദ്യാഭ്യാസ വകുപ്പിന് തിരിച്ച് നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം പ്രസ്തുത ഫയലിൽ ശ്രീ.പി.വി.ജോർജിന് ഇൻക്രിമെന്റ് അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം തീർപ്പാക്കിയിട്ടുണ്ടോ ; | (ബി) | ധനകാര്യവകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ഡോ.പി.വി.ജോർജിന് മുൻകൂർ ഇൻക്രിമെന്റ് അനുവദിക്കുന്നത് സംബന്ധിച്ച അഭിപ്രായം ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 1191/ഡി1/ 2012/ഉ.വി.വ നമ്പർ ഫയലിൽ രേഖപ്പെടുത്തി നൽകുകയും ഉന്നത വിദ്യാഭ്യാസ (സി) വകുപ്പിന്റെ 34180/സി3/ 2012/ഉ.വി.വ നമ്പർ ഫയൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തീർപ്പാക്കിയതിന്റെ വിശദാംശങ്ങളും ഉത്തരവും എന്താണ് ; പ്രസ്തുത വിശദാംശങ്ങൾ അപേക്ഷകന് നൽകാൻ നടപടി സ്വീകരിക്കുമോ ? | (സി) | യു.ജി.സിയുടെ നാലാം പദ്ധതി നടപ്പിലാക്കിയ അവസരത്തിൽ പി.എച്ച്.ഡിയുണ്ടായിരുന്ന അദ്ധ്യാപകർക്ക് മുൻകൂർ ഇൻക്രിമെന്റിന് അർഹതയില്ലാത്തതിനാൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയില്ലെന്ന് 23.05.2015 ലെ 1191/ഡി1/2012/ഉ.വി.വ നമ്പർ കത്ത് പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ